"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

<u>സംഗ്രഹം</u>

ആസൂത്രണ സാമ്പത്തികകാര്യ വകുപ്പ് - ഇടുക്കി ജില്ലയിലെ ഏലം കൃഷിക്കുണ്ടായ കൃഷിനാശത്തിന് ഇടുക്കി പാക്കേജിന്റെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി ഇടുക്കി പാക്കേജിൽ നിന്നും നഷ്ടപരിഹാരം നൽകി - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

ആസൂത്രണ സാമ്പത്തികകാര്യ (എ) വകുപ്പ്

സ.ഉ.(കൈ) നം.5/2026/P&EA തിരുവനന്തപുരം, 26-02-2026

---

പരാമർശം:- 1. സ.ഉ(കൈ) നം.8/2023/P&EA തീയതി 23.03.2023.

2. ഇടുക്കി ജില്ലാ കളക്ടറുടെ 15.04.2025 തീയതിയിലെ പ്രൊപ്പോസൽ.

3. 17.06.2025ന് ചീഫ് സെക്രട്ടറിയുടെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിന്റെ മിനിട്ട്സ്.

<u>ഉത്തരവ്</u>

ഇടുക്കി ജില്ലയുടെ സമഗ്ര വികസനം ലക്ഷ്യമിട്ട് വിഭാവനം ചെയ്തിട്ടുള്ള ഇടുക്കി വികസന പാക്കേജിനു കീഴിലുള്ള പദ്ധതികൾ സമയബന്ധിതമായി നടപ്പിലാക്കുന്നതിനായുള്ള മാർഗ്ഗരേഖ പരാമർശം (1) പ്രകാരം പുറപ്പെടുവിച്ചിട്ടുണ്ട്.

2. ഇടുക്കി വികസന പാക്കേജിന്റെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി, ഇടുക്കി ജില്ലയിലെ ഏലം കൃഷിക്കുണ്ടായ കൃഷിനാശത്തിനു ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തി നഷ്ടപരിഹാരം നൽകുന്നത് സംബന്ധിച്ച് പരാമർശം (2) പ്രകാരം ഇടുക്കി ജില്ലാ കളക്ടർ പ്രൊപ്പോസൽ സമർപ്പിച്ചിരുന്നു.

3. ഇടുക്കി വികസന പാക്കേജിന്റെ മാർഗ്ഗരേഖയിൽ ഭേദഗതി വരുത്തുന്നത് സംബന്ധിച്ച പരാമർശം (3) പ്രകാരം ചേർന്ന യോഗത്തിൽ ഇടുക്കി വികസന പാക്കേജിന്റെ മാർഗ്ഗരേഖയിൽ ഇളവ് വരുത്തി, ഇടുക്കി ജില്ലയിലെ ഏലം കൃഷിക്കുണ്ടായ കൃഷിനാശത്തിന് ഇടുക്കി വികസന പാക്കേജിൽ ഉൾപ്പെടുത്തിക്കൊണ്ട് നഷ്ടപരിഹാരം നൽകുന്നത് ഒരു പ്രത്യേക കേസായി പരിഗണിച്ച്, ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി 5 കോടി രൂപ അനുവദിക്കാവുന്നതാണ് ശിപാർശ ചെയ്തിട്ടുണ്ട്.

4. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. ഇടുക്കി ജില്ലയിലെ ഏലം കൃഷിക്കുണ്ടായ

കൃഷിനാശത്തിന് ഇടുക്കി പാക്കേജിന്റെ മാർഗ്ഗരേഖയിൽ ഇളവ് നൽകി ഒരു പ്രത്യേക കേസായി പരിഗണിച്ച് ഒറ്റത്തവണ തീർപ്പാക്കൽ പദ്ധതിയായി ഇടുക്കി പാക്കേജിൽ നിന്നും 5 കോടി രൂപ നഷ്ടപരിഹാരം അനുവദിച്ചുകൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു. ഇതിനായുള്ള ഫണ്ട് അടിയന്തരമായി കൃഷി വകുപ്പിന്റെ ഹെഡ് ഓഫ് അക്കൗണ്ടിലേയ്ക്ക് കൈമാറുന്നതിനുള്ള നടപടികൾ ഇടുക്കി ജില്ലാ കളക്ടർ കൈക്കൊള്ളേണ്ടതാണ് .

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
ഡോ. ഷർമിള മേരി ജോസഫ്
പ്രിൻസിപ്പൽ സെക്രട്ടറി

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ) കേരളം, തിരുവനന്തപുരം
അഡീഷണൽ ചീഫ് സെക്രട്ടറി, ധനകാര്യ വകുപ്പ്
എപിസി/ പ്രിൻസിപ്പൽ സെക്രട്ടറി, കൃഷി വകുപ്പ്
ജില്ലാ കളക്ടർ, ഇടുക്കി
മെമ്പർ സെക്രട്ടറി, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
ജില്ലാ പ്ലാനിംഗ് ഓഫീസർ, ഇടുക്കി
ജില്ലാ വികസന കമ്മീഷണർ, ഇടുക്കി
ചീഫ്, അഗ്രി ഡിവിഷൻ, സംസ്ഥാന ആസൂത്രണ ബോർഡ്, തിരുവനന്തപുരം
പൊതുഭരണ (എസ് സി) വകുപ്പ്, (24.02.2025ലെ ഇനം നം.3736 പ്രകാരം)
ധനകാര്യ വകുപ്പ് (22.01.2026 ലെ Exp-B3/420/2025-FIN നം. കുറിപ്പ് പ്രകാരം)
കൃഷി വകുപ്പ് (10.11.2025 ലെ AGRI-AG1/133/2025-AGRI നം. കുറിപ്പ് പ്രകാരം)
വെബ്& ന്യൂ മീഡിയ (ഐ & പിആർ ഡി)
കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signed by
Alen Alphonse
Date: 26-02-2026 10:25:11
സെക്ഷൻ ഓഫീസർ